**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **1784**

**10.03.2020 ൽ**
**മറുപടിയ്ക്ക്**

## മലപ്പുറം കുടുംബ കോടതി സമുച്ചയ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മലപ്പുറം കുടുംബ കോടതി സമുച്ചയ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) മലപ്പുറം കുടുംബ കോടതി കെട്ടിടത്തിന്റെ പ്ലാൻ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ആയത് നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഹൈക്കോടതി 25.02.2020 ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കുടുംബ കോടതിയുടെ പുതിയ കെട്ടിടത്തിന് പുതുക്കിയ പ്ലാൻ പ്രകാരം കൂടുതൽ ഭൂമി ആവശ്യമായി വരികയും കൂടാതെ നിലവിലുള്ള ഭൂമിയുടെ ഘടന കെട്ടിടം പണിയാൻ അനുയോജ്യമല്ലാത്തതിനാലും, അനുയോജ്യമായ ഭൂമി കണ്ടെത്തി കൈമാറ്റം പൂർത്തീകരിച്ചത് 18.01.2019 ന് ആണ്. ആയതിനാലാണ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനും കോടതി സമുച്ചയം യാഥാർത്ഥ്യമാക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) എസ്റ്റിമേറ്റ് സർക്കാരിൽ നൽകി ഭരണാനുമതി ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ